GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 26/10/2026

1. വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കൈറ്റ് വെള്ളായണി-ൽ ഒക്ടോബർ 27ന് **'തെങ്ങ് കൃഷി നടീലും പരിപാലന രീതികളും'** എന്ന വിഷയത്തിലും, ഒക്ടോബർ 31 ന് **'മൈക്രോഗ്രീൻ കൃഷി'** എന്ന വിഷയത്തിലും നടത്തുന്ന ഏകദിന പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിച്ചു. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓരോ പരിശീലന

പരിപാടിക്കും ₹500/- രൂപ വീതമാണ് രജിസ്ട്രേഷൻ ഫീസ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

2. ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്നിൽ 2027 വർഷത്തെ പാൽകാർഡിനായുള്ള നിർദ്ദിഷ്ട ഫോർമാറ്റിലുള്ള അപേക്ഷകൾ 02/11/2026 മുതൽ 16/11/2026 വരെ രാവിലെ 11.00 മണി മുതൽ 1.00 മണി വരെയും 2.00 മണി മുതൽ 4.00 മണി വരെയും (അവധി ദിവസങ്ങൾ ഒഴികെ) തീയതികളിൽ പൊതുജനങ്ങളിൽ നിന്നും ഫാം ഓഫീസിൽ സ്വീകരിക്കുന്ന വിവരം അറിയിക്കുന്നു. അപേക്ഷ പരിസരത്തുള്ള കോർപ്പറേഷൻ വാർഡായ കുടപ്പനക്കുന്ന്, പാതിരാപ്പള്ളി, ചെട്ടിവിളാകം, കിണവൂർ, അമ്പലമുക്ക് എന്നിവിടങ്ങളിലും കരകുളം ഗ്രാമ പഞ്ചായത്തു വാർഡുകളായ വഴയില, കല്ലയം, പ്ലാവുവിള, നെടുംപാറ, നെടുമൺ എന്നിവിടങ്ങലിൽ സ്ഥിരതാമസക്കാരായ റേഷൻ കാർഡുള്ള കുടുംബങ്ങളിൽ നിന്നും സ്വീകരിക്കുന്നു. ഒരു വ്യക്തിയിൽ നിന്നും ഒരു റേഷൻ കാർഡ് മുഖേന ഒരു അപേക്ഷ മാത്രമേ സ്വീകരിക്കുകയുള്ളു. കൂടുതൽ വിവരങ്ങൾക്ക് 0471-2732962 നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

3. കേരള കാർഷിക സർവകലാശാലയുടെയും സാമൂഹിക സുരക്ഷാ മിഷന്റെയും സംയുക്താഭിമുഖ്യത്തിൽ ഭിന്നശേഷിക്കാരായ കുട്ടികൾ

ക്കായി,അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വെച്ച് നടത്തുന്ന 6 മാസത്തെ സൗജന്യ ഹോട്ടികൾച്ചറൽ തെറാപ്പി പരിശീലന കോഴ്സിലേയ്ക്കുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയ്യതി ഒക്ടോബർ 29.

18 വയസിനു മുകളിലുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അപേക്ഷിക്കാം. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പ്രതിദിന സ്റ്റൈപ്പന്റും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 7306195043, 7306465654 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

4. കൊട്ടാരക്കര കില CSED ൽ ഒക്ടോബർ 29 മുതൽ 31 വരെ ആട് വള ർത്തലിൽ സൗജന്യ പരിശീലനം നൽകുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ നിന്നുള്ളവർക്ക് പങ്കെടുക്കാം.

രജിസ്ട്രേഷനായി **7012644256 എന്ന നമ്പരിൽ ബന്ധപ്പെടുക**

5. ക്ഷീര വികസന വകുപ്പിന്റെ തിരുവനന്തപുരം, വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാം പരിശീലന കേന്ദ്രത്തിൽ വച്ച് ഒക്ടോബർ 29, 30 തീയതികളിൽ "തീറ്റപ്പുൽകൃഷി വികസനവും സൈലേജ് നിർമ്മാണവും" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് - 20/-രൂപ. പരിശീലനത്തിൽ

പങ്കെടുക്കുവാൻ താൽര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9400058641 / 9388834424 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

6. കാർഷിക മേഖലയിലെ ഒരുലക്ഷം യുവജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പ് നടപ്പാക്കുന്ന പ്രത്യേക തൊഴിൽദാന പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി AIMS പോർട്ടലിലെ രജിസ്ട്രേഷൻ നടപടികൾ ഒക്ടോബർ 31-നകം പൂർത്തിയാക്കണം. നിശ്ചിത സമയപരിധിക്കുള്ളിൽ രജിസ്റ്റർ ചെയ്യാത്ത അംഗങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടാൻ സാധ്യതയുള്ളതിനാൽ എല്ലാ അംഗങ്ങളും അടിയന്തരമായി രജിസ്ട്രേഷൻ ഉറപ്പാക്കണമെന്ന് കൃഷി ഡയറക്ടറേറ്റ് അറിയിച്ചു. കൃഷിവകുപ്പിന്റെ ഔദ്യോഗിക പോർട്ടലായ AIMS-ൽ ഇതുവരെ രജിസ്റ്റർ ചെയ്യാത്ത നിലവിലുള്ള പദ്ധതി അംഗങ്ങൾ എത്രയും വേഗം അതാത് കൃഷിഭവനുമായി ബന്ധപ്പെട്ട് ആവശ്യമായ വിവരങ്ങളും രേഖകളും നൽകി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.